**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1636 21/01/2014-ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിലെ മാതൃകാ ഹൈടെക് - ഹരിത ഗ്രാമങ്ങൾ

ചോദ്യം
ശ്രീ. വി. ശശി

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) ഭക്ഷ്യസുരക്ഷ, ജലസുരക്ഷ, ഊർജ്ജസുരക്ഷ, പരിസ്ഥിതി സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന മാതൃകാ ഹൈടെക്-ഹരിത ഗ്രാമ-ങ്ങൾക്കായി 2013-14 ലെ ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ പരിപാടിയിൻ കീഴിൽ നടപ്പാക്കുന്ന പരിപാടിക-ളുടെ വിശദാംശം വെളിപ്പെടു-ത്തുമോ;

എ) 2013-14-ലെ ബജറ്റ് പ്രസംഗത്തിൽ 42 കോടി രൂപയുടെ മാതൃകാ ഹൈടെക് ഹരിത ഗ്രാമം പദ്ധതിയാണ് ബഹു. ധനമന്ത്രി പ്രഖ്യാപിച്ചത്. എന്നാൽ ഈ പദ്ധതിയ്ക്കായി 2013-14 ലെ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് മുഖേന തുക കണ്ടെത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഒരു ജില്ലയിൽ ഒരു ഗ്രാമം എന്ന കണക്കിൽ 14 ഹൈടെക് ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. വിവിധ പദ്ധതികൾക്ക് നിലവിലുള്ള ഫണ്ടിനുപരിയായി ഒരു ഗ്രാമത്തിന് 3 കോടി എന്ന കണക്കിൽ 14 ഗ്രാമങ്ങൾക്കായി 42 കോടി രൂപയുടെ പദ്ധതിയാണ് ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത്.

ഈ പരിപാടിയിൻ കീഴിൽ തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും 100 വീടുകളിൽ ഒരു കിലോവാട്ടിന്റെ സോളാർ പാനൽ, 100 വീടുകളിൽ 10,000 ലിറ്റർ ശേഷിയുള്ള മേൽക്കൂരയിലെ മഴവെള്ള സംഭരണികൾ, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 500 വീടുകളിൽ ഒരു ക്യൂബിക് മീറ്റർ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനും 150 ഹെക്ടറിൽ വാഴകൃഷിയും 60 ഹെക്ടറിൽ തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയും, നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഹൈടെക് ഫാമിംഗ് പദ്ധതി 2013-14 പ്രകാരം ഈ പഞ്ചായത്തുകളിൽ പോളീഹൗസുകളും സ്ഥാപിക്കുന്നതാണ്.

| | | | |
|---|---|---|---|
| ബി) | നാളിതുവരെ ഈ പരിപാടിക്കായി ചിലവഴിച്ച തുക ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ; | ബി) | നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| സി) | ഈ വർഷം തിരുവനന്തപുരം ജില്ലയിൽ നാളിതുവരെ എത്ര മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ ആരംഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; അവ ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലാണെന്ന് വ്യക്തമാക്കാമോ? | സി) | സംസ്ഥാനത്തെ ഓരോ ജില്ലയിലും ഓരോ മാതൃകാ ഹൈടെക് ഹരിതഗ്രാമം സ്ഥാപിക്കുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ ഗ്രാമപഞ്ചായത്തിനെയാണ് മാതൃകാ ഹൈടെക് ഹരിതഗ്രാമമായി തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Srikhans

**സെക്ഷൻ ഓഫീസർ**